പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 227

# 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 227

# 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ

750/2013.

# 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ

1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2012 നവംബർ 10-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 4-ാം വകുപ്പിന്റെ ഭേദഗതി.—1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ ആക്റ്റിൽ (1950-ലെ XV) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 4-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, "ഒരാൾ വനിതയും" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ് ;

(ബി) (1എ) ഉപവകുപ്പിന് പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1എ) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള മൂന്ന് അംഗങ്ങളിൽ രണ്ട് അംഗങ്ങളെ, മന്ത്രിസഭയിലെ ഹിന്ദു അംഗങ്ങൾ നാമനിർദ്ദേശം ചെയ്യേണ്ടതും പട്ടികജാതി/പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ട അംഗത്തെ കേരള സംസ്ഥാന നിയമസഭയിലെ ഹിന്ദു അംഗങ്ങൾ തെരഞ്ഞെടുക്കേണ്ടതുമാണ്.".

3. 6-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 6-ാം വകുപ്പിൽ, "അൻപത് വയസ്സ്" എന്ന വാക്കുകൾക്ക് പകരം "നാൽപ്പത്തി അഞ്ച് വയസ്സ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

750/2013.

4. 10-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 10-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിൽ, "രണ്ട് വർഷം" എന്ന വാക്കുകൾക്കു പകരം "മൂന്ന് വർഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. 14-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 14-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിൽ, "സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

6. 15ബി വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 15ബി വകുപ്പ് വിട്ടുകളയേണ്ടതാണ്.

7. 29എ വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 29എ വകുപ്പ് വിട്ടുകളയേണ്ടതാണ്.

8. 35-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 35-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിൽ, "ബോർഡിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്" എന്ന വാക്കുകൾക്ക് പകരം "ബോർഡിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

9. 63-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 63-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, "ഒരാൾ വനിതയും" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിന് പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള മൂന്ന് അംഗങ്ങളിൽ രണ്ട് അംഗങ്ങളെ, മന്ത്രിസഭയിലെ ഹിന്ദു അംഗങ്ങൾ നാമനിർദ്ദേശം ചെയ്യേണ്ടതും പട്ടികജാതി/പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ട അംഗത്തെ കേരള സംസ്ഥാന നിയമസഭയിലെ ഹിന്ദു അംഗങ്ങൾ തെരഞ്ഞെടുക്കേണ്ടതുമാണ്.".

10. 65-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 65-ാം വകുപ്പിൽ, "അൻപത് വയസ്സ്" എന്ന വാക്കുകൾക്ക് പകരം "നാൽപ്പത്തി അഞ്ച് വയസ്സ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

11. 70-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 70-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിൽ, "രണ്ട് വർഷം" എന്ന വാക്കുകൾക്ക് പകരം "മൂന്ന് വർഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

12. 73-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 73-ാം വകുപ്പിലെ (2എ) ഉപവകുപ്പിൽ, "സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

13. 74ബി വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 74ബി വകുപ്പ് വിട്ടുകളയേണ്ടതാണ്.

14. 122-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 122-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ, "ബോർഡിനു ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്" എന്ന വാക്കുകൾക്ക് പകരം "ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

15. 127എ വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 127എ വകുപ്പ് വിട്ടുകളയേണ്ടതാണ്.

16. 2008-ലെ 19-ാം ആക്റ്റ് റദ്ദാക്കൽ.—2008-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് (2008-ലെ 19) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

17. റദ്ദാക്കലും ഒഴിവാക്കലും.—(1) 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ഓർഡിനൻസ് (2013-ലെ 34) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ഏകാംഗീകൃതവും, ഏകാംഗീകൃതമല്ലാത്തതുമായ ദേവസ്വങ്ങളുടെയും മറ്റു ഹിന്ദുമത എൻഡോവ്മെന്റുകളുടെയും, ഫണ്ടുകളുടെയും സംസ്ഥാനത്തെ പഴയ തിരുവിതാംകൂർ, കൊച്ചി പ്രദേശങ്ങളിലെ ഭരണം, മേൽനോട്ടം, നിയന്ത്രണം എന്നിവ 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത ധർമ്മ സ്ഥാപന ആക്റ്റിൽ (1950-ലെ XV-ാം ആക്റ്റ്) വ്യവസ്ഥ ചെയ്തിട്ടുള്ളതും അങ്ങനെയുള്ള അധികാരങ്ങളും കർത്തവ്യങ്ങളും യഥാക്രമം പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ച തിരുവിതാംകൂർ ദേവസ്വം ബോർഡിലും കൊച്ചി ദേവസ്വം ബോർഡിലും നിക്ഷിപ്തവുമാണ്. മുമ്പ് രൂപീകരിച്ച ബോർഡുകളുടെ കാലാവധി 2012 ജൂലൈ 14-ാം തീയതി അവസാനിച്ചിരുന്നതും നിയമിക്കപ്പെട്ട ചീഫ് കമ്മീഷണർമാർ ബോർഡിന്റെ അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്തുവന്നിരുന്നതുമാണ്. പുതിയ ബോർഡുകൾ രൂപീകരിക്കുന്നതിനു മുമ്പ് ആക്റ്റിൽ ചില ഭേദഗതികൾ കൊണ്ടുവരേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

2. ആക്റ്റിന് നിർദ്ദേശിച്ചിട്ടുള്ള പ്രധാന ഭേദഗതികൾ താഴെ പറയുന്നവയാണ്, അതായത്:—

(i) തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളിലേക്ക് വനിതാ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള വ്യവസ്ഥ ഒഴിവാക്കുക ;

(ii) മൂന്ന് അംഗങ്ങളിൽ, പൊതുവിഭാഗത്തിൽപ്പെടുന്ന രണ്ട് അംഗങ്ങളെ മന്ത്രിസഭയിലെ ഹിന്ദുക്കൾ നാമനിർദ്ദേശം ചെയ്യേണ്ടതാണെന്നും, മറ്റു പട്ടികജാതി/ പട്ടികവർഗ്ഗ അംഗത്തെ നിയമസഭയിലെ ഹിന്ദു അംഗങ്ങൾ തെരഞ്ഞെടുക്കേണ്ടതാണെന്നുമുള്ള ഒരു വ്യവസ്ഥ ചേർക്കുക ;

(iii) ദേവസ്വം ബോർഡുകളിൽ മൂന്ന് അംഗങ്ങൾ വീതമാണ് ഉള്ളത് എന്നതുകൊണ്ട് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ആവശ്യം ഇല്ലാത്തതിനാൽ സ്റ്റാന്റിംഗ് കമ്മിറ്റികളുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കുക ;

(iv) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കുവേണ്ടി സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി മാത്രം ബോർഡിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ് എന്നത് നിർബന്ധിതമാക്കുന്ന ഒരു വ്യവസ്ഥ ഉണ്ടാക്കുക;

(v) ദേവസ്വം ബോർഡിലേക്കുള്ള നിയമനങ്ങൾക്കുവേണ്ടി ഒരു റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലായതിനാൽ ബോർഡിന്റെ ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്കുള്ള ഉദ്യോഗസ്ഥന്മാരുടെയും, ജീവനക്കാരുടെയും നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷനെ ഏല്പിച്ചുകൊണ്ടുള്ള ഈ ആക്റ്റിലെ വ്യവസ്ഥ ഒഴിവാക്കുക ;

(vi) ബോർഡിലെ അംഗങ്ങളുടെ കാലാവധി രണ്ടു വർഷത്തിൽ നിന്നും മൂന്ന് വർഷമായി വർദ്ധിപ്പിക്കുക ;

(vii) പുരുഷ സ്ഥാനാർത്ഥികളുടെ കാര്യത്തിൽ ബോർഡിലെ ഒരു അംഗമാകുന്നതിനുള്ള പ്രായപരിധി അൻപത് വയസ്സിൽ നിന്നും നാല്പത്തി അഞ്ച് വയസ്സായി കുറയ്ക്കുക ;

(viii) 2008-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡിനു കീഴിലെ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംബന്ധിച്ച അധികച്ചുമതലകൾ) ആക്റ്റ് (2008-ലെ 19) റദ്ദാക്കുക.

3. സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, മുകളിലെ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2012-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ഓർഡിനൻസ് 2012 നവംബർ 9-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012-ലെ 58-ാം നമ്പർ ഓർഡിനൻസായി 2012 നവംബർ 10-ാം തീയതിയിലെ 1150-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

4. 2012 ഡിസംബർ 10-ാം തീയതി ആരംഭിച്ച് 2012 ഡിസംബർ 21-ാം തീയതി അവസാനിച്ച് സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ കേരള സംസ്ഥാന നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിറുത്തുന്നതിനായി 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ഓർഡിനൻസ് 2013 ജനുവരി 9-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2013-ലെ 6-ാം നമ്പർ ഓർഡിനൻസായി 2013 ജനുവരി 10-ാം തീയതിയിലെ 100-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

5. 2013 ഫെബ്രുവരി 1-ാം തീയതി ആരംഭിച്ച് 2013 ഫെബ്രുവരി 19-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ കേരള സംസ്ഥാന നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിറുത്തുന്നതിനായി 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ഓർഡിനൻസ് 2013 ഫെബ്രുവരി 26-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും, ആയത് 2013-ലെ 27-ാം നമ്പർ ഓർഡിനൻസായി 2013 ഫെബ്രുവരി 27-ാം തീയതിയിലെ 566-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

6. 2013 മാർച്ച് 15-ാം തീയതി ആരംഭിച്ച് 2013 ഏപ്രിൽ 10-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 13-ാം കേരള നിയമസഭയുടെ 207-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും ആയത് കേരള സംസ്ഥാന നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിറുത്തുന്നതിനായി 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ഓർഡിനൻസ് 2013 ഏപ്രിൽ 25-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും, ആയത് 2013-ലെ 34-ാം നമ്പർ ഓർഡിനൻസായി 2013 ഏപ്രിൽ 26-ാം തീയതിയിലെ 1173-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

7. 2013-ലെ 34-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടു വരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും, പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ, സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

വി. എസ്. ശിവകുമാർ.

(ശരിത്തർജ്ജമ)

# 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ ആക്റ്റ് (1950-ലെ 15)-ൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** **

## അദ്ധ്യായം II
## തിരുവിതാംകൂർ ദേവസ്വം

4. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ രൂപവൽക്കരണം.—(1) 3-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന ബോർഡിൽ ഹിന്ദുക്കളായ മൂന്ന് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും, അതിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗ ഗോത്രവർഗ്ഗത്തിലോ പെട്ട ആളും ആയിരിക്കേണ്ടതാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി, "പട്ടികജാതി"-യും "പട്ടികഗോത്രവർഗ്ഗ"-വുമെന്നതിന് ഭാരതത്തിന്റെ ഭരണഘടനയുടെ 366-ാം അനുച്ഛേദത്തിലെ (24)-ഉം (25)-ഉം ഖണ്ഡങ്ങളിൽ അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(1എ) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന മൂന്ന് അംഗങ്ങളിൽ വനിതാ അംഗത്തിനേയും പട്ടികജാതി/പട്ടികഗോത്രവർഗ്ഗ അംഗത്തിനേയും മന്ത്രിസഭയിലെ ഹിന്ദു അംഗങ്ങൾ നാമനിർദ്ദേശം ചെയ്യേണ്ടതും മറ്റ് അംഗത്തിനെ കേരള സംസ്ഥാന നിയമ സഭയിലെ ഹിന്ദു അംഗങ്ങൾ തെരഞ്ഞെടുക്കേണ്ടതുമാണ്.

** ** **

6. ബോർഡിൽ അംഗമാകുന്നതിനുള്ള യോഗ്യത.—ഒരാൾ മലബാർ ജില്ല ഉൾപ്പെടാത്ത കേരള സംസ്ഥാനത്തിലെ സ്ഥിരതാമസക്കാരനും, ഹിന്ദുവും, പുരുഷ അംഗത്തിന്റെ സംഗതിയിൽ അൻപത് വയസ്സ് തികഞ്ഞയാളും വനിത അംഗത്തിന്റെ സംഗതിയിൽ അറുപത് വയസ്സ് തികഞ്ഞ ആളും അല്ലാത്തപക്ഷം അയാൾ ബോർഡിന്റെ ഒരു അംഗമായി നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനോ, തെരഞ്ഞെടുക്കപ്പെടുന്നതിനോ യോഗ്യനായിരിക്കുന്നതല്ല.

** ** **

10. ബോർഡിന്റെ കാലാവധി .—(1) ബോർഡിലെ ഓരോ അംഗത്തിനും, അതതു സംഗതിപോലെ, നാമനിർദ്ദേശം ചെയ്യപ്പെട്ടതോ, അല്ലെങ്കിൽ തെരഞ്ഞെടുക്കപ്പെട്ടതോ ആയ തീയതി മുതൽ രണ്ടു വർഷക്കാലത്തേക്ക് ഉദ്യോഗം വഹിക്കാനുള്ള അവകാശ മുണ്ടായിരിക്കുന്നതാണ്.

** ** **

14. ബോർഡിന്റെ സെക്രട്ടറി.—(1) ബോർഡിന് ഒരു സെക്രട്ടറി ഉണ്ടായിരിക്കുന്നതും അദ്ദേഹം ബോർഡിന്റെയും, സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും യോഗങ്ങളുടെ കൺവീനർ ആയിരിക്കുന്നതാണ്.

** ** **

15ബി. ബോർഡിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റികൾ.—(1) പുതുതായി രൂപീകരിക്കപ്പെട്ട ഓരോ ബോർഡിന്റെയും ആദ്യയോഗത്തിൽ, ഓരോന്നിലും ബോർഡിലെ രണ്ടംഗങ്ങൾ ഉൾപ്പെടുന്ന താഴെപ്പറയുന്ന സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബോർഡ് രൂപീകരിക്കേണ്ടതാണ്, അതായത്:—

(i) ധനകാര്യവും വിഭവസമാഹരണവും സംബന്ധിച്ച സ്റ്റാൻഡിംഗ് കമ്മിറ്റി;

(ii) മരാമത്തും, വികസനവും, പരിസ്ഥിതിയും സംബന്ധിച്ച സ്റ്റാൻഡിംഗ് കമ്മിറ്റി;

(iii) ജീവനക്കാര്യവും ക്ഷേത്രകലകളും ഭക്തജന സേവനവും സംബന്ധിച്ച സ്റ്റാൻഡിംഗ് കമ്മിറ്റി;

(2) ബോർഡ്, അംഗങ്ങളിൽ ഒരാളെ അതിന്റെ ചെയർമാൻ ആയി നിയമിക്കേണ്ടതും അദ്ദേഹം ആ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

(3) ബോർഡ്, ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റിയും നിർവ്വഹിക്കേണ്ടതായ കർത്തവ്യങ്ങളും, ചുമതലകളും സ്ഥിരം ഉത്തരവുകൾ വഴി ഏൽപ്പിച്ചുകൊടുക്കേണ്ടതാണ്.

(4) മാസത്തിൽ ഏറ്റവും കുറഞ്ഞത് ഒരു പ്രാവശ്യമെങ്കിലും സ്റ്റാൻഡിംഗ് കമ്മിറ്റികൾ യോഗം ചേരേണ്ടതാണ്.

(5) സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ശിപാർശകൾ കഴിയുന്നിടത്തോളം ഏകകണ്ഠമായിരിക്കേണ്ടതും ഏതെങ്കിലും വിഷയത്തിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുന്നപക്ഷം ആയത് ബോർഡിന്റെ തീരുമാനത്തിനായി അയച്ചുകൊടുക്കേണ്ടതുമാണ്.

** ** **

''29എ. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തണമെന്ന്.—ബോർഡിന്റെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും തെരഞ്ഞെടുപ്പും സർവ്വീസ് വ്യവസ്ഥകളും സംബന്ധിച്ച് ഈ ആക്റ്റിലോ, അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ, ബൈലോകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ബോർഡിന്റെ കീഴിലെ ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്കുള്ള ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നേരിട്ടുള്ള നിയമനം ആവശ്യമായി വരുന്ന എല്ലാ നിയമനങ്ങളും, കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഈ അധികച്ചുമതല നിർവ്വഹിക്കുന്നതിന് വേണ്ടി ഉണ്ടാക്കപ്പെട്ട നിയമത്തിന് അനുസൃതമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

തയ്യാറാക്കി നൽകുന്ന ഹിന്ദുമതവിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ ഒരു സെലക്ട് ലിസ്റ്റിൽ നിന്നും നടത്തേണ്ടതാണ്. പബ്ലിക് സർവ്വീസ് കമ്മീഷനിലെ ഒരു ഹിന്ദു അംഗം/അംഗങ്ങൾക്ക് ഉദ്യോഗാർത്ഥികളുടെ നിയമനത്തിനുള്ള തെരഞ്ഞെടുപ്പ് പ്രക്രിയയിലെ അഭിമുഖം നടത്തുന്ന ചുമതല നിർവ്വഹിക്കാവുന്നതാണ്."

** ** **

35. ചട്ടങ്ങൾ.—(1) ഈ ആക്റ്റിന്റെ എല്ലാമോ അല്ലെങ്കിൽ ഇതിന് വിരുദ്ധമല്ലാത്ത ഏതെങ്കിലുമോ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി ബോർഡിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

** ** **

63. കൊച്ചി ദേവസ്വം ബോർഡിന്റെ ഘടന.—(1) 62-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന ബോർഡിൽ മൂന്ന് ഹിന്ദു അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതും, അതിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോ പെടുന്ന ആളുമായിരിക്കേണ്ടതുമാണ്.

വിശദീകരണം:— ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി, "പട്ടികജാതി"യും "പട്ടികഗോത്രവർഗ്ഗ"വുമെന്നതിന് ഭാരതത്തിന്റെ ഭരണഘടനയുടെ 366-ാം അനുച്ഛേദത്തിലെ (24)-ഉം (25)-ഉം ഖണ്ഡങ്ങളിൽ അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന മൂന്ന് അംഗങ്ങളിൽ വനിതാ അംഗത്തിനേയും പട്ടികജാതി/പട്ടികഗോത്രവർഗ്ഗ അംഗത്തിനേയും മന്ത്രിസഭയിലെ ഹിന്ദു അംഗങ്ങൾ നാമനിർദ്ദേശം ചെയ്യേണ്ടതും മറ്റ് അംഗത്തിനെ കേരള സംസ്ഥാന നിയമസഭയിലെ ഹിന്ദു അംഗങ്ങൾ തെരഞ്ഞെടുക്കേണ്ടതുമാണ്.

** ** **

65. ബോർഡിൽ അംഗമാകുന്നതിനുള്ള യോഗ്യത.—ഒരാൾ മലബാർ ജില്ല ഉൾപ്പെടാത്ത കേരള സംസ്ഥാനത്തിലെ സ്ഥിരതാമസക്കാരനും, ഹിന്ദുവും, പുരുഷ അംഗത്തിന്റെ കാര്യത്തിൽ അൻപത് വയസ്സ് തികഞ്ഞയാളും വനിത അംഗത്തിന്റെ കാര്യത്തിൽ അറുപത് വയസ്സ് തികഞ്ഞ ആളും അല്ലാത്തപക്ഷം അയാൾ ബോർഡിന്റെ ഒരു അംഗമായി നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനോ, തെരഞ്ഞെടുക്കപ്പെടുന്നതിനോ യോഗ്യനായിരിക്കുന്നതല്ല.

** ** **

70. ബോർഡിന്റെ കാലാവധി.—(1) ബോർഡിലെ ഓരോ അംഗത്തിനും, അതത് സംഗതി പോലെ, നാമനിർദ്ദേശം ചെയ്യപ്പെട്ടതോ അല്ലെങ്കിൽ തെരഞ്ഞെടുക്കപ്പെട്ടതോ ആയ തീയതി മുതൽ രണ്ട് വർഷക്കാലത്തേക്ക് ഉദ്യോഗം വഹിക്കുന്നതിനുള്ള അർഹത ഉണ്ടായിരിക്കുന്നതാണ്.

** ** **

73. ബോർഡിന്റെ ഓഫീസും യോഗങ്ങളും.—(1) ബോർഡിന് തൃശൂരിൽ ഒരു ഓഫീസ് ഉണ്ടായിരിക്കുന്നതും കാര്യനിർവ്വഹണത്തിനായി അവിടെ യോഗം ചേരേണ്ടതും എല്ലാ കത്തിടപാടുകളും നോട്ടീസുകളും അവിടത്തെ മേൽവിലാസത്തിൽ നടത്തേണ്ടതുമാണ്.

(2) നിർണ്ണയിക്കപ്പെടാവുന്ന ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിനായി ബോർഡിന് ഒരു സെക്രട്ടറിയെ നിയമിക്കാവുന്നതാണ്.

"(2എ) സെക്രട്ടറി ബോർഡിന്റെയും സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും യോഗങ്ങളുടെ കൺവീനറായിരിക്കേണ്ടതും ബോർഡിന്റെ ദൈനംദിന കാര്യങ്ങളുടെ ശരിയായ പ്രവർത്തനത്തിന് ഉത്തരവാദപ്പെട്ടിരിക്കേണ്ടതുമാണ്."

(3) ബോർഡിന്റെ യോഗങ്ങളിൽ പ്രസിഡന്റ് ആദ്ധ്യക്ഷ്യം വഹിക്കേണ്ടതും അദ്ദേഹത്തിന്റെ അഭാവത്തിൽ, ആദ്ധ്യക്ഷ്യം വഹിക്കുന്നതിനായി അദ്ദേഹം അധികാരപ്പെടുത്തിയ അംഗം ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

** ** **

74ബി. ബോർഡിലെ സ്റ്റാൻഡിംഗ് കമ്മിറ്റികൾ.—(1) പുതുതായി രൂപീകരിക്കപ്പെട്ട ഓരോ ബോർഡിന്റെയും ആദ്യയോഗത്തിൽ, ഓരോന്നിലും ബോർഡിലെ രണ്ടംഗങ്ങൾ ഉൾപ്പെടുന്ന താഴെപ്പറയുന്ന സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബോർഡ് രൂപീകരിക്കേണ്ടതാണ്, അതായത് :—

(i) ധനകാര്യവും വിഭവസമാഹരണവും സംബന്ധിച്ച സ്റ്റാൻഡിംഗ് കമ്മിറ്റി;

(ii) മരാമത്തും, വികസനവും, പരിസ്ഥിതിയും സംബന്ധിച്ച സ്റ്റാൻഡിംഗ് കമ്മിറ്റി;

(iii) ജീവനക്കാര്യവും ക്ഷേത്രകലകളും ഭക്തജന സേവനവും സംബന്ധിച്ച സ്റ്റാൻഡിംഗ് കമ്മിറ്റി.

(2) ബോർഡ്, അംഗങ്ങളിൽ ഒരാളെ അതിന്റെ ചെയർമാൻ ആയി നിയമിക്കേണ്ടതും അദ്ദേഹം ആ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

(3) ബോർഡ്, ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റിയും നിർവ്വഹിക്കേണ്ടതായ കർത്തവ്യങ്ങളും, ചുമതലകളും സ്ഥിരം ഉത്തരവുകൾവഴി ഏൽപ്പിച്ച് കൊടുക്കേണ്ടതാണ്.

(4) മാസത്തിൽ ഏറ്റവും കുറഞ്ഞത് ഒരു പ്രാവശ്യമെങ്കിലും സ്റ്റാൻഡിംഗ് കമ്മിറ്റികൾ യോഗം ചേരേണ്ടതാണ്.

(5) സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ശിപാർശകൾ, കഴിയുന്നിടത്തോളം, ഏകകണ്ഠമായിരിക്കേണ്ടതാണ്. ഏതെങ്കിലും വിഷയത്തിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുന്നപക്ഷം, ആയത് ബോർഡിന്റെ തീരുമാനത്തിനായി അയച്ചുകൊടുക്കേണ്ടതാണ്.

** ** **

122. ചട്ടങ്ങൾ.—(1) ഈ ആക്റ്റിന്റെ എല്ലാമോ അല്ലെങ്കിൽ ഇതിന് വിരുദ്ധമല്ലാത്ത ഏതെങ്കിലുമോ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി ബോർഡിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

** ** **

"127എ. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തണമെന്ന്.—ബോർഡിന്റെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും തെരഞ്ഞെടുപ്പും സർവ്വീസ് വ്യവസ്ഥകളും സംബന്ധിച്ച് ഈ ആക്റ്റിലോ, അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ, ബൈലോകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ബോർഡിന്റെ കീഴിലെ ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നേരിട്ടുള്ള നിയമനം ആവശ്യമായിവരുന്ന എല്ലാ നിയമനങ്ങളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്, ഈ അധികചുമതല നിർവ്വഹിക്കുന്നതിന് വേണ്ടി ഉണ്ടാക്കപ്പെട്ട നിയമത്തിന് അനുസൃതമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കി നൽകുന്ന ഹിന്ദുമതവിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ ഒരു സെലക്ട് ലിസ്റ്റിൽ നിന്നും നടത്തേണ്ടതാണ്. പബ്ലിക് സർവ്വീസ് കമ്മീഷനിലെ ഒരു ഹിന്ദു അംഗം/അംഗങ്ങൾക്ക് ഉദ്യോഗാർത്ഥികളുടെ നിയമനത്തിനുള്ള തെരഞ്ഞെടുപ്പ് പ്രക്രിയയിലെ അഭിമുഖം നടത്തുന്ന ചുമതല നിർവ്വഹിക്കാവുന്നതാണ്."

** ** **